# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3723
## 21-06-2018 - ലെ മറുപടിക്ക്

### എറിയാട് കേരളവർമ്മ ഹയർസെക്കൻഡറി സ്കൂളിന് ലാബ് കെട്ടിടം

| ചോദ്യം<br>**ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** |
|---|---|
| എ) എറിയാട് കേരളവർമ്മ സർക്കാർ ഹയർസെക്കൻഡറി സ്കൂളിന് ആധുനിക ലാബ് കെട്ടിടം നിർമ്മിക്കുന്നതിന് 2016 - 2017-ലെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഫണ്ട് വകയിരുത്തി കയ്പമംഗലം എം.എൽ.എ., ഇ.ടി.ടൈസൺ മാസ്റ്റർ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് കത്ത് നൽകിയത് എന്നാണ് ; | എറിയാട് കേരളവർമ്മ സർക്കാർ ഹയർസെക്കൻഡറി സ്കൂളിന് ആധുനിക ലാബ് കെട്ടിടം നിർമ്മിക്കുന്നതിന് **2016 - 2017**-ലെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഫണ്ട് വകയിരുത്തി കയ്പമംഗലം എം.എൽ.എ., ഇ.ടി.ടൈസൺ മാസ്റ്റർ **27/10/2016** ലാണ് ആസ്തിവികസന നോഡൽ ഓഫീസർക്ക് കത്ത് നല്കിയിട്ടുള്ളത്. |
| ബി) ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എം.എൽ.എ യുടെ കത്ത് ലഭിച്ചാൽ ഭരണാനുമതി നൽകുന്നതിന് എത്ര സമയമാണ് എടുക്കുന്നത്; | ധനകാര്യ വകുപ്പ് പദ്ധതിയ്ക്ക് ധനാനുമതി നല്കിയിട്ടുണ്ട്. ഭരണ വകുപ്പിൽ ഭരണാനുമതിയ്ക്കുള്ള നടപടി സ്വീകരിച്ച് ഇപ്പോൾ ഉത്തരവിന്റെ കരട് അംഗീകാരത്തിനായി നല്കിയിരിക്കുയാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റ് ഭരണ വകുപ്പിന്റെ ശുപാർശയോടെ ധനകാര്യ വകുപ്പിൽ സമർപ്പിച്ച് ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം ധനാനുമതി നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ഭരണ വകുപ്പ് പദ്ധതിയ്ക്ക് ഭരണാനുമതി നല്കുന്നത് . |
| സി) ഭരണാനുമതി നൽകുന്നതിന് ഏതെല്ലാം രേഖകളാണ് പരിശോധിക്കപ്പെടുന്നത്; നിർദ്ദിഷ്ട പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുവാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്; | നിലവിലെ DSR പ്രകാരം പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് , നം. **68/15/**ധന സർക്കുലർ പ്രകാരം പൂരിപ്പിച്ച ചെക്ക് ലിസ്റ്റ് , പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾ പൂർണ്ണമായും സർക്കാർ / തദ്ദേശ സ്ഥാപനത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുന്ന രേഖകൾ, ടി പ്രവൃത്തി മറ്റ് ഏതെങ്കിലും ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തുകയോ നിർവ്വഹണം നടത്തുവാൻ പരിഗണിക്കുകയോ ചെയ്തിട്ടുണ്ടോ എന്നുള്ള റിപ്പോർട്ട് തുടങ്ങിയവ യാണ് ഭരണാനുമതി നല്കുവാൻ പരിശോധിക്കപ്പെടുന്ന രേഖകൾ.<br><br>നിർദ്ദിഷ്ട പദ്ധതിയുടെ **DPR , 17/05/2017** ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിരുന്നു. ഇത് ഭരണവകുപ്പ് ശുപാർശയോടെ **03/06/2017** ന് |

| | |
|---|---|
| | ധനകാര്യ വകുപ്പിൽ ലഭ്യമാക്കി. തുടർന്ന് ധനകാര്യ വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് വിശദ പരിശോധനയ്ക്കായി CTE യ്ക്ക് നല്കുകയും CTE നല്കിയ റിമാർക്ക്സ് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ 19/08/2017 ൽ ഭരണ വകുപ്പിനു നിർദ്ദേശം നല്കിയിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് 02/02/2018 ലെ കത്തുപ്രകാരം ചീഫ് എഞ്ചിനീയർ ഭരണ വകുപ്പിന് ലഭ്യമാക്കി. ഭരണ വകുപ്പ് വീണ്ടും ശുപാർശയോടെ 16/03/2018 ൽ ഫയൽ ധനകാര്യ വകുപ്പിൽ നല്കുകയും ധനകാര്യ വകുപ്പ് CTE യുടെ തുടർ പരിശോധനയ്ക്കും അപ്രൂവലിനും ശേഷം 18/05/2018 ൽ പദ്ധതിയ്ക്ക് ധനാനുമതി നല്കി. ഭരണ വകുപ്പിൽ ഭരണാനുമതിയ്ക്കുള്ള നടപടി സ്വീകരിച്ച് ഇപ്പോൾ ഉത്തരവിന്റെ കരട് അംഗീകാരത്തിനായി നല്കിയിരിക്കുയാണെന്ന് അറിയിച്ചിട്ടുണ്ട്. ഒരു കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് CTE യുടെ നിർദ്ദേശ പ്രകാരം DPR ലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി എടുത്ത കാലയളവ് അല്ലാതെ അകാരണമായ കാലതാമസം ഉണ്ടായിട്ടില്ല. |
| ഡി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കിയത് ഏതെല്ലാം ഉദ്യോഗസ്ഥരാണ്; എങ്കിൽ ഇവർക്കെതിരെ നടപടിയെടുക്കേണ്ടത് ഏത് ഉദ്യോഗസ്ഥനാണ്? | പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് വേണ്ടിയാണ് കാലതാമസം നേരിട്ടിട്ടുള്ളത്. ആയതിനായി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടിട്ടില്ല. |

(signature)

**സെക്ഷൻ ഓഫീസർ**